"ഭരണഭാഷ - മാതൃഭാഷ"

സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : ശ്രീ.ചേതൻ കുമാർ മീണ IAS)

ഉത്തരവ് നം: SJD/2337/2023-E2

തിരുവനന്തപുരം
തീയതി: 08-06-2023

വിഷയം :- സാമൂഹ്യനീതിവകുപ്പ് – ജീവനക്കാര്യം – ക്ലാർക്ക്/ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റ നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- (1) സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 06/05/2020 ലെ SJD/792/ 2020-E9 നം നടപടിക്രമങ്ങൾ

(2) സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 29/04/2023 ലെ SJD/4170/2022-E6 നം നടപടിക്രമങ്ങൾ.

സാമൂഹ്യനീതി ഡയറക്ടറേറ്റിൽ സീനിയർ ക്ലർക്ക് തസ്തികയിൽ 31/03/2023, 30/04/2023 എന്നീ തീയതികളിലായി രണ്ട് ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട് . ക്ലാർക്ക്/ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ പരാമർശം (1) സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ശ്രീമതി.ഷീജ.റ്റി.പി- ക്രമ നം.27, ശ്രീമതി.ജിത.ജെ-ക്രമ നം.36 എന്നീ ജീവനക്കാർ ഉദ്യോഗക്കയറ്റ നിയമനത്തിന് അർഹരാണ്.

ശ്രീമതി.ജിത.ജെ ക്ലാർക്ക് തസ്തികയിൽ നിലവിൽ അന്യത്രസേവനവ്യവസ്ഥയിൽ ഓർഫനേജ് കൺട്രോൾ ബോർഡിൽ സേവനമനുഷ്ഠിച്ച് വരുകയാണ്. ജീവനക്കാരിയ്ക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ച് അന്യത്രസേവനത്തിൽ തുടരുവാൻ അനുമതി നൽകുന്നത് മുഖേന ക്ലാർക്ക് തസ്തികയിലെ ഒരു ജീവനക്കാരന് കൂടി ഉദ്യോഗക്കയറ്റ നിയമനം ലഭിക്കുന്നതിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലെ 3 ഒഴിവുകളിലേയ്ക്ക് പരാമർശം (1) & (2) പ്രകാരമുള്ള ക്ലാർക്ക്/ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ മുൻഗണനപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും ഏപ്രിൽ 2023 ന് മുൻപ് അക്കൌണ്ട് ടെസ്റ്റ് ലോവർ പാസായിട്ടുള്ളതും പ്രൊബേഷൻ പൂർത്തീകരിച്ചതുമായ ജീവനക്കാരിൽ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ |
|---|---|---|
| 1 | ശ്രീമതി.ഷീജ.റ്റി.പി | 27 (SJD/792/2020-E9 dtd 06/05/2020) |
| 2 | ശ്രീമതി.ജിത.ജെ | 36 (SJD/792/2020-E9 dtd 06/05/2020) |
| 3 | ശ്രീ.കണ്ണൻ.റ്റി.ആർ | 1 (SJD/4170/2022-E6 dtd 29/04/2023) |

I/99788/2023

ശ്രീമതി.ഷീജ.റ്റി.പി, ശ്രീമതി.ജിത.ജെ, ശ്രീ.കണ്ണൻ.റ്റി.ആർ എന്നീ ജീവനക്കാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ കെ.എസ് & എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം (35600-75400) രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി ചുവടെ അവരവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>ഉദ്യോഗക്കയറ്റം</u>

| ക്രമ നമ്പർ | പേര് തസ്തിക നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റ നിയമനം നൽകുന്ന തസ്തിക കാര്യാലയം |
|---|---|---|
| 1 | ശ്രീമതി.ഷീജ.റ്റി.പി, ക്ലാർക്ക് ടൈപ്പിസ്റ്റ് പ്രൊബേഷൻ ഓഫീസ് കോട്ടയം | സീനിയർ ക്ലാർക്ക് സാമൂഹ്യനീതി ഡയറക്ടേറ്റ് |
| 2 | ശ്രീമതി.ജിത.ജെ, ക്ലാർക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസ് തൃശൂർ (ഓർഫനേജ് കൺട്രോൾ ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നു) | സീനിയർ ക്ലാർക്ക് സാമൂഹ്യനീതി ഡയറക്ടേറ്റ് (ഓർഫനേജ് കൺട്രോൾ ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിയിൽ തുടരുവാൻ അനുമതി നൽകുന്നു.) |
| 3 | ശ്രീ.കണ്ണൻ.റ്റി.ആർ, ക്ലാർക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസ് തിരുവനന്തപുരം | സീനിയർ ക്ലാർക്ക് സാമൂഹ്യനീതി ഡയറക്ടേറ്റ് |

ഉദ്യോഗകയറ്റം ലഭിച്ച എല്ലാ ജീവനക്കാർക്കും ചട്ടപ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും പ്രവേശനകാലത്തിനും യാത്രബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതാണ്.

Signed by Chetan Kumar Meena
Date: 08-06-2023 17:07:44

ചേതൻ കുമാർ മീണ IAS
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
പകർപ്പ് :-

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
2. എല്ലാ പ്രൊബേഷൻ ഓഫീസർമാർക്കും.
3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4. ഡയറക്ടറുടെ സി.എയ്ക്ക്
5. ഇ1 മുതൽ ഇ7 വരെ
6. സ്റ്റോക്ക് ഫയൽ/സ്പെയർ